# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുരിയാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**തൃശ്ശൂർ - 680020**

**ഇ-മെയിൽ:** dotsr.ksad@kerala.gov.in

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി8)1503/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 17/12/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുരിയാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി8)1503/2024 തീയ്യതി: 17/12/2024

## തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-10-2023 മുതൽ 14-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫിജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 15-10-2024 | 22-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-10-2024 | 22-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സീനത്ത്.പി.എ, ഓഡിറ്റ് ഓഫീസർ

ഹാരിഷ്.വി.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

നിഷ.കെ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

കൃഷ്ണരാഹുൽ,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോസ് കെ. ചിറ്റിലപ്പിള്ളി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| റെജി പോൾ | സെക്രട്ടറി | 01-04-2023 | 18-02-2024 |
| ജോഷി പി.ബി. | സെക്രട്ടറി | 19-02-2024 | 13-03-2024 |
| ജെസിന്ത കെ.പി. | സെക്രട്ടറി | 14-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജിബിന എം.എം. | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| അൻസ എബ്രഹാം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| സിമി സെബാസ്റ്റ്യൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| അനില ടി. | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| പുഷ്പലത പി.ബി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 07-09-2023 |
| ജോഷി പി.ബി. | അസിസ്റ്റന്റ് സെക്രട്ടറി | 08-09-2023 | 31-03-2024 |
| അമൃത കെ. | കൃഷി ഓഫീസർ | 01-04-2023 | 08-08-2023 |
| അഞ്ചു ബി. രാജ് | കൃഷി ഓഫീസർ | 09-08-2023 | 31-03-2024 |
| ഡോ. ടിറ്റസൺ പിൻഹീറോ | വെറ്ററിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| ഡോ. ദീപ പി.ഡി. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2023 | 30-06-2023 |
| ഡോ. അനൂപ് ജോർജ്ജ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-07-2023 | 31-03-2024 |
| ഡോ. വിജോയ് ജോസഫ് സി. | മെഡിക്കൽ ഓഫീസർ (ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ. ഷീജ സി.യു. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 16-08-2023 |
| ഡോ. രഞ്ജിത്ത് എൻ. നമ്പൂതിരി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 17-08-2023 | 31-03-2024 |
| ഇന്ദു പി. | ഹെഡ്മിസ്ട്രസ് (ജി.യു.പി.എസ് - ആനന്ദപുരം) | 01-04-2023 | 01-06-2023 |
| അജിത പട്ടാരിൽ | ഹെഡ്മിസ്ട്രസ് (ജി.യു.പി.എസ് - ആനന്ദപുരം) | 02-06-2023 | 19-06-2023 |
| ഇ.ടി. ബീന | ഹെഡ്മിസ്ട്രസ് (ജി.യു.പി.എസ് - ആനന്ദപുരം) | 20-06-2023 | 31-03-2024 |
| സിനി ടി.എം. | വി ഇ ഒ (പുല്ലൂർ സർക്കിൾ) | 01-04-2023 | 31-03-2024 |
| തനൂജ കെ.എം. | വി ഇ ഒ (മുരിയാട് സർക്കിൾ) | 01-04-2023 | 31-03-2024 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ചെലവ് തുകകൾ 2023-24ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി | 1-1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും വാർഷിക കണക്ക് പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | മുൻകൂർ തുക അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | വസ്തു നികുതിയിനത്തിൽ വരവ് വെച്ചിട്ടുള്ള മുൻകൂർ തുകകൾ വാർഷിക കണക്കിലും "സഞ്ചയ" സോഫ്റ്റ്വെയറിലെ കണക്കിലും വ്യത്യസ്തമായി കാണുന്നു | 1-1-9 |
| 11 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല | 1-1-10 |
| 12 | ജേണൽ എൻട്രികൾക്ക് ആധികാരികമായ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-12 |
| 14 | എഴുതി തള്ളിയ തുകകൾക്കും, വരുമാനമായോ ചെലവായോ ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ലഭ്യമാക്കിയിട്ടില്ല | 1-1-13 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-14 |
| 16 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി | 1-1-15 |
| 17 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലെ തുകയും തുല്യമാകുന്നില്ല | 1-1-16 |
| 18 | പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റിൽ കാണുന്നില്ല | 1-1-17 |
| 19 | മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ സ്ഥാപനത്തിന്റെ വരുമാനമായി കണക്കാക്കി | 1-1-18 |
| 20 | മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു | 1-1-19 |
| 21 | Excess Of Income Over Expenditure നീക്കിയിരിപ്പിൽ 16,000 രൂപയുടെ വ്യത്യാസം കാണുന്നു | 1-1-20 |
| 22 | നഗരസഞ്ചയ പദ്ധതിയുടെ ചെലവു തുകയായ 27,11,469 രൂപ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടില്ല | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | ഫണ്ട് വിനിയോഗം | 1-3 |
| 25 | പദ്ധതി അവലോകനം | 1-4 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 27 | ക്ഷേമപദ്ധതികൾ | 1-6 |
| 28 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-8 |

| | | |
|---|---|---|
| 30 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-9 |
| 31 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 32 | ലൈസൻസ്-അപാകതകൾ | 1-11 |
| 33 | ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 1-12 |
| 34 | ലേലം അപാകങ്ങൾ | 1-13 |
| 35 | പഞ്ചായത്തിലെ മുഴുവൻ വളർത്തു നായ്ക്കൾക്കും ലൈസൻസ് അനുവദിച്ചിട്ടില്ല | 1-14 |
| 36 | അനധികൃത കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചത് | 1-15 |
| 37 | അൺ-എയ്ഡഡ് സ്കൂളുകളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ് | 1-16 |
| 38 | ധാതു ഗതാഗത പെർമിറ്റ് രജിസ്റ്റർ | 1-17 |
| 39 | കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ഉപകരണങ്ങളുടെ മെയിന്റനൻസിനുള്ള തുക നൽകൽ- ചെലവഴിക്കാൻ ശേഷിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ് | 1-18 |
| 40 | ലൈഫ് ഭവന പദ്ധതി(എസ്.സി.പി)-ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ് | 1-19 |
| 41 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം- രേഖകൾ ഹാജരാക്കും വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-20 |
| 42 | മരുന്നുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-21 |
| 43 | ദുരന്ത നിവാരണ പദ്ധതി രൂപീകരണം | 1-22 |
| 44 | വെതർ സ്റ്റേഷൻ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ് | 1-23 |
| 45 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-24 |
| 46 | ടൂറിസം ഡി.പി.ആർ തയ്യാറാക്കിയതിന് തുക അനുവദിക്കൽ-ജി.എസ്.ടി.ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല | 1-25 |
| 47 | മുരിയാട് ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും | 1-26 |
| 48 | അഡ്വാൻസ് നൽകി മരുന്ന് നാളിതു വരെ ലഭിച്ചിട്ടില്ല | 1-27 |
| 49 | തുടർ സാക്ഷരത പ്രവർത്തനം-വിദ്യാർത്ഥികൾ പരീക്ഷയെഴുതിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-28 |
| 50 | ഫുട്ബോൾ കോച്ചിങ്ങ് ക്യാമ്പ്-നടത്തിപ്പിലെ അപാകതകൾ | 1-29 |
| 51 | വൈകി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-30 |
| 52 | മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-31 |
| 53 | കാലാവധി കഴിഞ്ഞ പ്രവൃത്തികൾ നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല | 1-32 |
| 54 | എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ നാളിതു വരെ ആരംഭിച്ചിട്ടില്ല | 1-33 |
| 55 | മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മുരിയാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18.06.2024 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 30.07.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള, മുരിയാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 17.12.2024**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

## 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന

ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് - 6090404 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,70,70,208 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-3 ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നമ്പർ |
|---|---|
| IOB-Health Grant Building Less Sub Centre PHC | 110101100014540 |

എന്നാൽ ഹെൽത്ത് ഗ്രാന്റിനായി തുടങ്ങിയിട്ടുള്ള മേൽ ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

**1-1-4 ചെലവ് തുകകൾ 2023-24ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി**

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് (E-Payment- SBI PSB-TANA, IRINJALAKUDA (37261511720) പാസ്സ്ബുക്കിൽ വന്ന ഡെബിറ്റ് തുകകൾ, 20.05.2023 മുതൽ 31.03.2024 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ ഈ തുക "Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2023-24ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ക്രമ നമ്പർ | തീയ്യതി | തുക |
|---|---|---|
| 1 | 12-01-2024 | 625 |
| 2 | 20-05-2023 | 621 |
| 3 | 13-09-2023 | 321 |
| | **ആകെ** | **1,567** |

**1-1-5 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും വാർഷിക കണക്ക് പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.**

CFC ഗ്രാന്റ് ഇനത്തിൽ ലഭ്യമായ ആകെ തുകയായ 1,24,13,889 രൂപ വാർഷിക കണക്കിൽ ചെലവ് രേഖപ്പെടുത്തിയതിൽ വ്യത്യാസം കാണുന്നു. പ്രൊജക്ട് നം. 249 പ്രകാരമുള്ള 1201416 രൂപ CFC-UnTied ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് പകരം CFC-Tied ഫണ്ടിൽ ഉൾപ്പെടുത്തി.

വിശദാംശം ചുവടെ:-

| ക്രമ നമ്പർ | ഫണ്ട് ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 1 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക് ഗ്രാന്റ് -Untied) | 75,10,177 | 63,08,761 ( [4898761- I6] + [1410000-B3] ) |

| | | | |
|---|---|---|---|
| 2 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 49,03,712 | 61,05,128 ( [4888622- I6] + [1216506-B3] ) |

കൃത്യമായ ശീർഷകത്തിൽ വരവും ചെലവും രേഖപ്പെടുത്തി 2024-25 സാമ്പത്തിക വർഷത്തിലെ വാർഷികകണക്കിൽ മാറ്റം വരുത്തേണ്ടതാണ്.

### 1-1-6 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ).
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ഇൻസ്റ്റിറ്റ്യൂഷൻസ്) - രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ട്രേഡേഴ്സ് ) - രജിസ്റ്റർ പൂർണ്ണമായി എഴുതി സൂക്ഷിച്ചിട്ടില്ല.
4. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ.
5. വാടക ഡിമാന്റ് രജിസ്റ്റർ.
6. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ - ഡി.സി.ബി എഴുതി സൂക്ഷിച്ചിട്ടില്ല.
7. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ - ഡി.സി.ബി എഴുതി സൂക്ഷിച്ചിട്ടില്ല.
8. ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് - ഡി.സി.ബി എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-1-7 മുൻകൂർ തുക അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | വരുമാനം | മുൻകൂർ ശീർഷകം | 31/3/2024ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102 - Advance Collection Of Revenues- Profession Tax /Inst/trad/prof | 8,600 |
| 2 | ഡി & ഒ | 350410301 - Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 2,47,400 |

### 1-1-8 വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് വാഷിക കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള

വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**റെസിഡൻഷ്യൽ-തൻവർഷം**

| | **ഡിമാന്റ്** | **കളക്ഷൻ** | **മുൻകൂർ ക്രമീകരിച്ചത്** | **ബാക്കി** |
|---|---|---|---|---|
| **"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം** | 3672606 | 3658404 | 4898 | 13,338 |
| **വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം** | 3672606 | 3654382 | 3079 | 13,338* |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101 -Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(14015/105)x100) = 13,347 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക, മുൻകൂർ ക്രമീകരിച്ച തുക എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.
2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിലും വാർഷികകണക്കിലും കണക്കാക്കപ്പെടുന്നില്ല.

**നോൺ റെസിഡൻഷ്യൽ-തൻവർഷം**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3430951 | 3417007 | 4,309 | 11,725 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3430951 | 3414978 | 2,058 | 11,725* |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | * (12313/105)x100 = 11726.66 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക വ്യത്യാസപ്പെട്ടിരിക്കുന്നു.
2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിലും വാർഷികകണക്കിലും കണക്കാക്കപ്പെടുന്നില്ല.

**നോൺ റെസിഡൻഷ്യൽ- കുടിശ്ശിക**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 0 | 0 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 13,491 | 0 | 0 |
| | (2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(14166/105)x100 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | |

1. ഡിമാന്റ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു
2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിലും വാർഷികകണക്കിലും കണക്കാക്കപ്പെടുന്നില്ല.
3. 2023-24 ലെ ട്രയൽ ബാലൻസ് പരിശോധിച്ചതിൽ നിന്നും, 2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം കറണ്ട് ഡിമാന്റിന്മേലുള്ള കുടിശ്ശിക തൻവർഷം കുടിശ്ശികയിനത്തിൽ മുന്നിരിപ്പായി എടുക്കുന്നതിന് പകരം തൻവർഷത്തെ കറണ്ട് ഡിമാന്റ് മുന്നരിപ്പായി രേഖപ്പെടുത്തി. ആയത് മൂലം കുടിശ്ശിക മുന്നിരിപ്പ് ഇല്ല എന്ന് വാർഷിക കണക്കിൽ കാണുന്നു. കുടിശ്ശികയിനത്തിൽ വരവായി RP 45 ൽ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ 2023-24 വർഷത്തെ കുടിശ്ശിക നീക്കിയിപ്പിൽ പ്രസ്തുത തുക ഉൾപ്പെട്ടിട്ടില്ല. യഥാർത്ഥത്തിലുള്ള കുടിശ്ശിക മുന്നിരിപ്പ് സഞ്ചയയിലും മുന്നരിപ്പായി കാണുന്നില്ല. ആയതിന്റെ കാരണം വ്യക്തമല്ല.

## 1-1-9 വസ്തു നികുതിയിനത്തിൽ വരവ് വെച്ചിട്ടുള്ള മുൻകൂർ തുകകൾ വാർഷിക കണക്കിലും "സഞ്ചയ" സോഫ്റ്റ്‌വെയറിലെ കണക്കിലും വ്യത്യസ്തമായി കാണുന്നു

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2024 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101 - Advance Collection Of Revenues -Property Tax On Residential Building | 4305 | 2,77,975 |
| 2 | 350410104 - Advance Collection Of Revenues -Property Tax On Non-Residential Building | 2029 | 38,130 |

## 1-1-10 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

2023-24 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വരുമാന ശീർഷകം | ജേണൽ വൗച്ചർ നമ്പർ/തീയതി | ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|---|
| 1 | 110100101 - Property Tax On Residential Buildings | 42301006/12-03-2024 | 3,767,346.00 |
| | | 42301498/31-03-2024 | -94,740.00 |
| 2 | 10100102 - Property Tax On Non Residential Buildings | 42301010/12-03-2024 | 3,347,572.00 |
| | | 42301499/31-03-2024 | 83,379.00 |
| 3 | 130100101 - Rent From Buildings | 42301469/31-03-2024 | 578,700.00 |

ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. വസ്തുനികുതിയുടെ കാര്യത്തിൽ വസ്തുനികുതി നിർണ്ണയം നടത്തുന്ന “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നൽകുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-1-11 ജേണൽ എൻട്രികൾക്ക് ആധികാരികമായ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശികബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-1-12 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയിതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-13 എഴുതി തള്ളിയ തുകകൾക്കും, വരുമാനമായോ ചെലവായോ ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19 & ഐ18) പ്രകാരം “Prior Period ഇൻകം” & “Prior Period എക്സ്പെൻഡിച്ചർ” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായോ ചെലവായോ ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18 & I-19) | 31/3/2024 ലെ ലെഡ്ജർ ബാക്കി | തുക /വൗച്ചർ നമ്പർ/തിയ്യതി/ റിമാർക്ക്സ് |
|---|---|---|
| 290800201 - Prior Period Expenses - Administrative Expenses | 38,324 (ആയതിൽ 4,167 രൂപ RP യിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്) | 34,157/42301171/31.03.2024 -എന്ന വൗച്ചർ പ്രകാരമുള്ള രേഖപ്പെടുത്തലിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |
| 290800501 - Prior Period Expenses - Programme Expenses | 1,340,570 (RP യിൽ ചെലവ് വന്നിട്ടില്ല) | A) 40,570/42301462 /31.03.2024<br>B) 1,300,000/42301587 /31.03.2024<br>A,b എന്നീ വൗച്ചറുകൾ പ്രകാരമുള്ള രേഖപ്പെടുത്തലിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |
| 290800701 - Prior Period Expenses - Miscellaneous Expenses | 36828 (ആയതിൽ 1644 രൂപ RP യിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്) | 35,184/42301526 /31.03.2024 –എന്ന വൗച്ചർ പ്രകാരമുള്ള രേഖപ്പെടുത്തലിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |
| 190100101 - Prior Period Income-Property Tax | -7,273.00 (ആയതിൽ 10,499 രൂപ RP യിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്) | A) 13,491.00/42301504 /31-03-2024<br>B) 1,906.00/42301507 /31-03-2024<br>C) 2,375.00/42301507 /31-03-2024<br>A,b,c എന്നീ വൗച്ചറുകൾ പ്രകാരമുള്ള |

| | | |
|---|---|---|
| | | രേഖപ്പെടുത്തലിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |
| 190200401 - Prior Period Income - Other Incomes | 8829654 (ആയതിൽ 42400 രൂപ RP യിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്) | 8785377 രൂപ വരവ് രേഖപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |

**1-1-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-15 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി**

31/3/2024 ലെ ബാലൻസ്ഷീറ്റ് B11(e) ലെ 415140001-Vehicles For Office Use - എന്ന ശീർഷകം പ്രകാരമുള്ള ആസ്തികൾക്ക് 6,56,498 രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് B11(a) പ്രകാരം ഈ ആസ്തികളുടെ 31/3/2024ലെ Accumalated Depreciation -11,31,636 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2024-25 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

**1-1-16 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലെ തുകയും തുല്യമാകുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/24ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/24 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| | 320100197 | Literacy Scheme Grant | 1858 | 450210101 | Literacy Grant-110089666519 | 0 |
| | 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 7,98,474 | 450210201 | Old Joint Venture – 799011400001148 | 0 |
| | 320700105 | Contributions For Joint Venture Projects (For Capital | 10,00,000 (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.) | | | |

<table>
<tr><td></td><td></td><td>Expenditure) - From District Panchayats</td><td></td><td></td></tr>
<tr><td></td><td>320700205</td><td>Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats</td><td>5,00,000 (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.)</td><td></td></tr>
</table>

**1-1-17 പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റിൽ കാണുന്നില്ല**

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4-ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | Kudumbasree-IOB-110101000004041 | 1,269 |

**1-1-18 മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ സ്ഥാപനത്തിന്റെ വരുമാനമായി കണക്കാക്കി**

A) വ്യത്യസ്ത ഗ്രാന്റുകളുടെ ലെഡ്ജർ പരിശോധിച്ചു. ഗ്രാന്റുകൾ ഉപയോഗിച്ച് നടത്തിയ മൂലധന പ്രവർത്തികൾക്ക് തത്തുല്യമായ തുകയല്ല "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നത്. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് സ.ഉ.152/2011/ത.സ്വ.ഭ.വ തീയതി 26.07.2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><td rowspan="2">ഫണ്ടിനം</td><td colspan="3">ലെഡ്ജർ പ്രകാരം ചെയ്ത മൂലധന പ്രവർത്തികളുടെ ആകെ തുക</td><td rowspan="2">ലെഡ്ജർ പ്രകാരം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്ത തുക</td><td rowspan="2">വ്യത്യാസം</td></tr>
<tr><td>വൗച്ചർ നമ്പർ</td><td>ഇനം</td><td>തുക</td></tr>
<tr><td rowspan="3">വികസന ഫണ്ട് - ജനറൽ-160100101</td><td>42301350/20-12-2023</td><td>41 Digi Muriyad Asset Digitalisation</td><td>80000</td><td rowspan="3">3,72,743</td><td rowspan="3">6,32,441</td></tr>
<tr><td>42301351/20-12-2023</td><td>41 Digi Muriyad Asset Digitalisation</td><td>80000</td></tr>
<tr><td>42301352/20-12-2023</td><td>41 Digi Muriyad</td><td>90000</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | | Asset Digitalisation | | | |
| | 42301220/08-02-2024 | 42 Street Main Extension | 483571 | | |
| | 42301221/08-02-2024 | 255 PURCHASE OF COMPUTER AND OTHER EQUIPEMENTS | 50000 | | |
| | 42301222/08-02-2024 | 255 PURCHASE OF COMPUTER AND OTHER EQUIPEMENTS | 17489 | | |
| | 42301223/08-02-2024 | 42 Street Main Extension | 85604 | | |
| | 42301213/19-02-2024 | 314 Purchase Of Computer And Inverter In Krishibhavan | 50000 | | |
| | 42301201/15-03-2024 | 259 PURCHASE OF COMPUTER AND INVETER FOE GOVT HOMOEO DISPENSARY MURIYAD | 18520 | | |
| | 42301217/14-02-2024 | 255 PURCHASE OF COMPUTER AND OTHER EQUIPEMENTS | 50000 | | |
| | ആകെ | | 10,05,184 | | |

മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകയിലെ മേൽ പരാമർശിച്ച വ്യത്യാസമുള്ള തുകയ്ക്ക് തത്തുല്യമായ തുകയായ 6,32,441 തുക 2024-25 സാമ്പത്തിക വർഷത്തിൽ “Prior Period Income” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution....” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

B) 168/24 -കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ പമ്പ്സെറ്റ് എന്ന പ്രൊജക്ട് പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമായ 5,00,000 രൂപ ചെലവാക്കി കുടിവെള്ള പദ്ധതികൾക്ക് പമ്പ് സെറ്റ് വാങ്ങിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി ലഭ്യമായ 5,00,000 രൂപ 320700205 Contributions For Joint Venture Projects (For Revenue Expenditure) – From District Panchayats എന്ന ബാധ്യതാ ശീർഷകത്തിൽ രസീത് നം. 1230001265/31.03.2024 മുഖേന ഇന്ത്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ടിൽ(അക്കൌണ്ട് നമ്പർ : 110101000014226) രസീത് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക 22301235/26.02.2024 നം. പേയ്മെന്റ് വൗച്ചർ മുഖേന ചെലവാക്കിയതായും 42301007/14.03.2024 എന്ന ജേണൽ വൗച്ചർ മുഖേന ആയത് വാർഷിക കണക്കിൽ 414120006- Public Drinking Water Programmes- Motor Pumb Set എന്ന ശീർഷകത്തിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഗ്രാന്റുകൾ ഉപയോഗിച്ച് മൂലധന പ്രവർത്തികൾ ചെയ്യുമ്പോൾ ചെലവാകുന്ന തുകയ്ക്ക് ചെലവാകുന്ന സമയത്തു തന്നെ ജേണൽ വൗച്ചർ, പേയ്മെന്റ് വൗച്ചർ എന്നിവ രേഖപ്പെടുത്തുകയും തത്തുല്യമായ തുക ബാധകമായ ഗ്രാന്റിന്റെ ബാധ്യതാ ശീർഷകത്തിൽ നിന്ന് വരവായി ക്രമീകരിക്കുകയും പിന്നീട് മറ്റൊരു ജേണൽ എൻട്രി മുഖേന മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുകക്ക് തത്തുല്യമായ തുക വരവ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയുമാണ് യഥാർത്ഥത്തിൽ പാലിക്കേണ്ട നടപടിക്രമം. എന്നാൽ വൌച്ചർ നമ്പർ 42301512/31.03.2024 മുഖേന 500000 രൂപ 312100521 Capital Contribution--Contributions For Joint Venture Projects (ForCapital Expenditure) - From District Panchayats എന്ന ശീർഷകത്തിൽ ക്രഡിറ്റ് ചെയ്യുകയും 414120006- Public Drinking Water Programmes- Motor Pumb Set എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ പരാമർശിച്ച പദ്ധതി മുഖേന നടത്തിയ മൂലധനച്ചെലവാണ് ഇപ്രകാരം ബുക്ക് ചെയ്തിട്ടുള്ളത്. ഇപ്രകാരം രേഖപ്പെടുത്തിയത് സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ 320700205 Contributions For Joint Venture Projects (For Revenue Expenditure) – From District Panchayats എന്ന ശീർഷകത്തിൽ 500000 രൂപയുടെ അധിക ബാധ്യതയും 414120006- Public Drinking Water Programmes- Motor Pumb Set എന്ന ശീർഷകത്തിൽ 500000 രൂപയുടെ അധിക ആസ്തിയും വരുന്നതിന് കാരണമായി. 2024-25 സാമ്പത്തികവർഷത്തെ വാർഷികകണക്കുകൾ തയ്യാറാക്കുമ്പോൾ 320700205 Contributions For Joint Venture Projects (For Revenue Expenditure) – From District Panchayats, 414120006- Public Drinking Water Programmes- Motor Pumb Set എന്നീ ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള യഥാക്രമം അധികബാധ്യതയും ആസ്തിയും ക്രമീകരിക്കേണ്ടതാണ്.

### 1-1-19 മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു

താഴെ ചേർത്തിരിക്കുന്ന മരുന്ന് വാങ്ങുന്ന പ്രവൃത്തിക്കായി മുൻകൂർ തുക നൽകുമ്പോൾ "460...ൽ തുടങ്ങുന്ന ഉചിതമായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതത് ചെലവ് ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം | സാധനങ്ങൾ / വിനിയോഗ സാക്ഷ്യപത്രം കൈപ്പറ്റിയ തീയതി |
|---|---|---|---|---|---|---|
| 1. | 157/24 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 42301279/24.08.2023 | 4,00,000 | 251110208- Medical Institution- Homoeo- Purchase Of | 460...ൽ തുടങ്ങുന്ന ഉചിതമായ ശീർഷകം | 180439 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട് |

| | | | | | | |
|---|---|---|---|---|---|---|
| | | | | Medcines In Health Institutions | | |
| 2. | 146/24 GAD-യിലേക്ക് മരുന്ന് വാങ്ങൽ | 42301298/04.11.2023 | 50,000 | 251110109-Medical Institution-Ayurveda-Purchase Of Medcines In Health Institutions | 460... ൽ തുടങ്ങുന്ന ഉചിതമായ ശീർഷകം | 198148 രൂപയുടെ മരുന്നുകൾ ലഭ്യമായി |
| | | 42301216/15.02.2024 | 2,00,000 | | | |
| 3 | 84/24-ആയുർവേദ മരുന്ന വാങ്ങൽ | 42301289/11.10.2023 | 1,93,030 | | | 147874 രൂപയുടെ മരുന്നുകൾ ലഭ്യമായി |

**1-1-20 Excess Of Income Over Expenditure നീക്കിയിരിപ്പിൽ 16,000 രൂപയുടെ വ്യത്യാസം കാണുന്നു**

തൻവർഷത്തെ ബാലൻസ്ഷീറ്റിലെ 310900101 - Excess Of Income Over Expenditure നീക്കിയിരിപ്പായി -3,52,50,943 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ -3,52,34,943 രൂപയാണ് രേഖപ്പെടുത്തേണ്ടിയിരുന്നത്. ആയത് പ്രകാരം 16,000 രൂപയുടെ വ്യത്യാസം കാണുന്നു. ആയത് പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

**1-1-21 നഗരസഞ്ചയ പദ്ധതിയുടെ ചെലവു തുകയായ 27,11,469 രൂപ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റ് നമ്പർ 221/24-പൊതുമ്പ് ചിറ സംരക്ഷണം-നഗരസഞ്ചയ പദ്ധതിയുടെ ചെലവു തുകയായ 27,11,469 രൂപ അസി. എഞ്ചിനീയറുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇരിങ്ങാലക്കുട ടൗൺ ശാഖയിലെ 3715385884 നമ്പർ അക്കൗണ്ടിൽ 1078550, 1632919 എന്നീ തുകകൾ യഥാക്രമം 27.12.23, 13.03.2024 എന്നീ തീയതികളിൽ വരവു വന്നിട്ടുള്ളതാണ്. എന്നാൽ നഗരസഞ്ചയ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിനു ലഭിച്ച ഈ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വന്ന് ടി അക്കൗണ്ടിൽ നിന്നു തന്നെ ചെലവായതിനാൽ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. 16,32,919 രൂപ പൊതുമ്പ് ചിറ നവീകരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ആയത് ആസ്തിയായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 13.03.2023 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 295240504 | 287032160 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 08.02.2024 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 305864755 | 283949890 |

**1-3 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 21145000 | 21145000 | 17185585 | 3959415 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12550000 | 12550000 | 8629154 | 3920846 |
| മെയിന്റനൻസ്, റോഡ് | 0 | 17453350 | 17453350 | 1169239 | 16284111 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 1836000 | 1836000 | 1784345 | 51655 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക് ഗ്രാന്റ് -Untied) | 2917222 | 4008579* | 6925801 | 6308761** | 617040 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 6105708 | 2626000 | 8731708 | 6105128*** | 2626580 |
| സാക്ഷരത | 1858 | 4835 | 6693 | 4835 | 1858 |
| Health Grants Towards Support For Diagnostic Infrastructure To PHCS | 297245 | 961246 | 1258491 | 324402 | 934089 |
| Health Grants | 166923 | 402744 | 569667 | 77900 | 491767 |
| Vimukthi | 28980 | 0 | 28980 | 11786 | 17194 |

* (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് – 3501000) + (Prior Period Interest-213498) + (തൻവർഷ പലിശ-294081)

**വാർഷിക കണക്ക് പ്രകാരമുള്ള കണക്ക് ചേർത്തിരിക്കുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക = 7510177

***വാർഷിക കണക്ക് പ്രകാരമുള്ള കണക്ക് ചേർത്തിരിക്കുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക = 4903712

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ചതിന്റെ ചെലവ് ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 255 | 153527497 | 147 | 66862238 | 43.5% | 57.64 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1872967 | 1872967 | 1864533 | 8434 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16497192 | 16497192 | 16497192 | 0 |
| ആകെ | 0 | 18370159 | 18370159 | 18361725 | 8434 |

**1-6 ക്ഷേമപദ്ധതികൾ**

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1807600 | 349 |
| വിധവാ പെൻഷൻ | 6268400 | 1407 |
| വാർദ്ധക്യകാല പെൻഷൻ | 12378400 | 2807 |
| വികലാംഗപെൻഷൻ | 1753600 | 377 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 602200 | 141 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |

**1-7 ക്യാഷ് ബാലൻസ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.10.2024 തീയതിയിൽ 3:20 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,937 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തര നിയന്ത്രണം**

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

**1-9 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

A) മേൽ നിയമ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗിലെ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ക്രമ നമ്പർ | പേര് |
|---|---|---|---|
| 1 | M. O ഡേവിസ് | 11 | സിജോ എൻ. ടി |
| 2 | പ്രമോദ് ഏരിമ്മൽ | 12 | നൈജോ ചെറിയാൻ |
| 3 | ജോൺ ബോസ്കോ | 13 | വർഗ്ഗീസ് പുല്ലോക്കാരൻ |
| 4 | ബിൻസൺ ജോസഫ് | 14 | റോജോ ജോസ് |
| 5 | നിജോ ചെരിയൻപണിക്കളം | 15 | എൻ. ടി സിജോൺ |
| 6 | ലോനക്കുട്ടി കെ. പി | 16 | മുരളി പി. എൻ |
| 7 | ബാസ്റ്റിൻ വിൻസെന്റ് | 17 | ടോമി ടി. കെ |

| | | | |
|---|---|---|---|
| 8 | ശ്യാം ശ്രുഷീൻ | 18 | ഷംസുദ്ദീൻ കെ. കെ |
| 9 | ഷാജു സി. ജെ | 19 | ബിജീഷ് എൻ. സി |
| 10 | പാപ്പച്ചൻ പി. കെ | 20 | ജിജിമോൻ എൻ. എ |

തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 25/22.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്. അവർ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

B) തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി എഴുതി പരിപാലിക്കാത്തത് മൂലം തൊഴിൽ നികുതി കൃത്യമായി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റ് ചെയ്തുവെങ്കിലും അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ പേര്/എണ്ണം | അർദ്ധവർഷം |
|---|---|---|---|
| 1 | മുരിയാട് ഗ്രാമപഞ്ചായത്ത് ഡെയിലി വേജസ് | ബിനീഷ് | 1 |
| 2 | | കൃഷ്ണേന്ദു | 1 |
| 3 | | ബിജുമോൻ | 1&2 |
| 4 | | ഷീജ ബാബു | 1&2 |
| 5 | | ഡിൽജി കെ ജെ | 1&2 |
| 6 | | ഹണി രാജ് കെ ആർ | 1&2 |
| 7 | | സജീവൻ | 1&2 |
| 8 | | ഷീല | 1 |
| 9 | കൃഷിഭവൻ | മുഴുവൻ ജീവനക്കാരും | 1 |
| 10 | ഗവ. ആയുർവേദിക് ഡിസ്പെൻസറി മുരിയാട് | ഡോ. ഷീജ സി വി | 1&2 |
| 11 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 6 ജീവനക്കാർ | 2 |
| 12 | ആനന്ദപുരം ക്ഷീരോൽപാദക സഹകരണ സംഘം | 2 ജീവനക്കാർ | 1&2 |

C) 2023-24 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ, FTEOS ലൈസൻസ് രജിസ്റ്റർ, പാരാമെഡിക്കൽ രജിസ്റ്ററേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | |
|---|---|---|
| 1 | ആൾ സെയ്ന്റ്സ് സോഷ്യൽ ട്രൈയിനിംഗ് സെന്റർ ഫോർ ഫിസിക്കലി ഹാന്റിക്കോപ്പ്ഡ് വുമൺ ആന്റ് ചിൽഡ്രൻ | |
| 2 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ | |
| | A) | ICL മെഡിലാബ് പ്രൈ. ലി - അനിൽകുമാർ കെ ജി1 |

| | | |
|---|---|---|
| | B) | ജീവാമൃ ആയുർവേദിക് സെന്റർ, മുരിയാട് |
| | C) | പേൾ ഡെന്റൽ ക്ലിനിക്ക് - ഡോ. നീതു സോജൻ |
| | D) | ജേക്കബ്സ് ഡെന്റൽ കെയർ,ആനന്ദപുരം - ഡോ. ജോൺ (കെട്ടിട നമ്പർ 17/256) |
| | E) | DD ക്ലിനിക്കൽ ലബോറട്ടറി, മുരിയാട് - ജോഷി സാജൻ |
| | F) | ഹൈജിയ മെഡ് ലബോറട്ടറീസ്, പുല്ലൂർ – പ്രവീൺ N.M |
| | G) | നീതി മെഡിക്കൽ ലബോറട്ടറി, ആനന്ദപുരം |
| | H) | ജേക്കബ്സ് ഡെന്റൽ ക്ലിനിക്ക്, മുരിയാട് - ഡോ.നിമ്മി (കെട്ടിട നമ്പർ 5/246/F) |
| 3. | PDDP പാൽ സൊസൈറ്റി, മുരിയാട് 7/231 | |
| 4. | PDDP പാൽ സൊസൈറ്റി, മുരിയാട് 4/365 | |
| 5. | നിയോ ബെസ്റ്റ് കൺട്രോൾ & കംപോണന്റ്, ആനന്ദപുരം | |
| 6. | അൽ അമീൻ ഇൻഡസ്ട്രീസ് മുരിയാട് | |
| 7. | JK പേപ്പർ പ്ലേറ്റ്സ് 6/100/C | |
| 8. | അക്ഷയ സെന്ററുകൾ | |

D) 2023-24 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും, സ്ഥാപനങ്ങൾ FTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും തൊഴിൽ നികുതി രജിസ്റ്ററും പരിശോധിച്ചപ്പോൾ ഒന്നിൽ കൂടുതൽ ജീവനക്കാരുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | ലൈസൻസിനുള്ള അപേക്ഷയിൽ കാണിച്ചിരിക്കുന്ന ജോലിക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പോൾജോ വ്യാപാർ കേന്ദ്ര | 12/161 | 21 | 07 |
| 2 | പോൾജോ വ്യാപാർ കേന്ദ്ര | 13/247/D | 22 | 07 |
| 3 | പോൾജോ വ്യാപാർ കേന്ദ്ര | 13/423/A | 23 | 34 |
| 4 | പോൾജോ വ്യാപാർ കേന്ദ്ര | 12/162 | 24 | 12 |
| 5 | പോൾജോ വ്യാപാർ കേന്ദ്ര | 12/163 | 25 | 05 |
| 6 | മാവേലി സ്റ്റോർ | 14/219 | 86 | 04 |
| 7 | മാധവം പെട്രോപാർക്ക് | 7/98/A | 274 | 05 |
| 8 | OKASS സിമന്റ് പ്രൊഡക്ട്സ് യൂണിറ്റ് | 3/425/B | 399 | 8 |
| 9 | AHAAVA സ്റ്റോഴ്സ് | 16/254/B | 505 | 07 |

| | | | | |
|---|---|---|---|---|
| 10 | A1 പ്ലാസ്റ്റിക്സ് | 7/579, 580 | 506 | 03 |
| 11 | A1 പോളിമേഴ്സ് | 7/581 | 507 | 01 |
| 12 | A1 പോളിമേഴ്സ് | 7/578 | 508 | 03 |

ക്രമ നമ്പർ B, C, D നിരീക്ഷണങ്ങളുമായി ബന്ധപ്പെട്ട്, തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 26/22.10.2024) മറുപടി ലഭ്യമായിട്ടില്ല. തൊഴിൽനികുതി ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

**1-10 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1996-ലെ കേരള പഞ്ചായത്ത്‌രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 4എ പ്രകാരം ബിസിനസ്സ് നടത്തുക എന്ന ആവശ്യത്തിനായി ഒരു കമ്പനിക്കോ ആൾക്കോ ഒരു ആഫീസോ ഏജന്റോ ഗ്രാമപഞ്ചായത്തിൽ ഉണ്ടെങ്കിൽ, അങ്ങനെയുള്ള ഓഫീസിനോ ഏജന്റിനോ ആ കമ്പനിയേയോ ആളിനേയോ ബന്ധിക്കുന്ന കരാറുകൾ ചെയ്യാൻ അധികാരമുണ്ടെങ്കിലും ഇല്ലെങ്കിലും, ആ കമ്പനിയോ ആളോ, പഞ്ചായത്ത് പ്രദേശത്തിനകത്ത് ബിസിനസ്സ് നടത്തിവരുന്നതായി കരുതേണ്ടതും, അതത് സംഗതി പോലെ, അങ്ങനെയുള്ള ആഫീസിന്റെ ചാർജ്ജ് വഹിക്കുന്ന ആളോ, ഏജന്റോ, ഫേമോ ആ കമ്പനിയോ ആളോ നൽകേണ്ട നികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥൻ/ബാദ്ധ്യസ്ഥം ആയിരിക്കുന്നതാണ്. സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ-ട്രേഡേഴ്സ് മുഴുവനായി എഴുതി സൂക്ഷിച്ചിട്ടില്ല.
ലൈസൻസ് രജിസ്റ്റർ പ്രകാരം 214 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ആകെ 137 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽ സ്ഥാപനങ്ങളുടെ പേരും മറ്റ് വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല, കൂടാതെ ഡി.സി.ബി സംക്ഷിപ്തവും എഴുതി ചേർത്തിട്ടില്ല.
2) സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
3) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | IOB മുരിയാട് | 1&2 |
| 2. | മുരിയാട് സർവ്വീസ് സഹകരണ സംഘം | 1&2 |
| 3. | പുല്ലൂർ സർവ്വീസ് സഹകരണ സംഘം | 1&2 |
| 4. | KSCDC പുല്ലൂർ | 1&2 |
| 5. | ആനന്ദപുരം ക്ഷീര സഹകരണ സംഘം | 1&2 |
| 6. | മുരിയാട് ക്ഷീര സഹകരണ സംഘം | 1&2 |
| 7. | തൈക്കാട്ട് മൂസ് വൈദ്യരാജ് ഔഷധശാല | 1&2 |
| 8. | സാൻജോ സദൻ | 1&2 |
| 9. | SIB, ആനന്ദപുരം | 1&2 |
| 10. | റൂറൽ കോപ്പറേറ്റീവ് സൊസൈറ്റി | 1&2 |
| 11. | സ്പന്ദന സ്ഫൂർത്തി ഫിനാൻഷ്യൽ ലിമിറ്റഡ് | 1&2 |
| 12. | PNY സഭ ഫിനാൻസിംഗ് ലിമിറ്റഡ് | 1&2 |
| 13 | അക്ഷയ കേന്ദ്രം - മുരിയാട് | 1&2 |
| 14 | അക്ഷയ കേന്ദ്രം - ആനന്ദപുരം | 1&2 |
| 15 | കള്ള്ഷാപ്പുകൾ | 1&2 |
| | ഊരകം | 1&2 |
| | പാറേക്കാട്ടുകര | 1&2 |

| | | |
|---|---|---|
| | ആനന്ദപുരം | 1&2 |
| | വള്ളിക്കുന്ന് | 1&2 |
| | മുരിയാട് | 1&2 |
| | പുളിഞ്ചോട് | 1&2 |

മേൽ പറഞ്ഞ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 27/22.10.2024) മറുപടി ലഭ്യമായിട്ടില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതും തൊഴിൽനികുതി ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

### 1-11 ലൈസൻസ്-അപാകതകൾ

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017, ചട്ടം 3, 7 പട്ടിക I & II പ്രകാരം സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ രജിസ്റ്റർ, പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

2) താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2023-24 വർഷം ലൈസൻസ് എടുത്തിട്ടില്ല.

.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ആനന്ദപുരം ക്ഷീരോൽപാദക സഹകരണ സംഘം |
| 2 | ബ്ലൂവാലി അക്വ മിനറൽ മുരിയാട് |
| 3 | സൺ അനിമൽ ഫീഡ്സ് പ്രൈ. ലിമിറ്റഡ് |
| 4 | ന്യൂ മോഡേൺ ഫോംസ് പാറേക്കാട്ടുകര |
| 5 | സൺപ്ലാസ്റ്റ് ഇൻഡസ്ട്രീസ് |
| 6 | MCP അഗ്രോ ടേക്നോളജീസ് |
| 7 | മുരിയാട് അക്ഷയ സെന്റർ |
| 8 | ആനന്ദപുരം അക്ഷയ സെന്റർ |
| 9 | കള്ള് ഷാപ്പുകൾ |
| | ഊരകം |
| | പാറേക്കാട്ടുകര |
| | ആനന്ദപുരം |
| | വള്ളിക്കുന്ന് |
| | മുരിയാട് |
| | പുളിഞ്ചോട് |

3) ലൈസൻസ് രജിസ്റ്റർ, പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2023-24-ൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്തിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ല.

.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ICL മെഡിലാബ് പ്രൈ. ലി. - അനിൽകുമാർ കെ. ജി1 |
| 2 | സാൻജോ സദൻ – 17/168 – ആയുർവേദിക് ഡീഅഡിക്ഷൻ സെന്റർ |

4) കേരള പഞ്ചായത്ത്‌രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1997, ചട്ടം 3(1) – പ്രകാരം ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു

പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ലൈസൻസ് രജിസ്റ്റർ, പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 2023-24 ൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ജേക്കബ്സ് ഡെന്റൽ ക്ലിനിക്ക്, മുരിയാട് - ഡോ.നിമ്മി (കെട്ടിട നമ്പർ 5/246/F) |

മേൽ പറഞ്ഞ അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നമ്പർ 28/22.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്ട്രേഷനില്ലാതെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനത്തിൽ നിന്നും ചട്ടം 8-പ്രകാരം 5000 രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500 രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്. പഞ്ചായത്ത് പരിധിയിൽ മേൽ സ്ഥാപനങ്ങൾ കൂടാതെ സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നില്ലെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ അപാകതകൾക്കും മറുപടി ലഭ്യമാക്കേണ്ടതും ലൈസൻസ്/രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകാൽ) ചട്ടങ്ങളിലെ 3(1) ചട്ട പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതോ നടത്തിക്കൊണ്ടു പോകുന്നതോ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ അസഹ്യതയുളവാക്കുന്ന ഒരു പ്രവർത്തിയായിരിക്കുന്നതാണ്.

**(I) കന്നുകാലി ഫാം : അഞ്ച് മൃഗങ്ങൾ**

**(II) ആട് ഫാം : ഇരുപത് മൃഗങ്ങൾ**

**(III) പന്നി ഫാം : അഞ്ച് മൃഗങ്ങൾ**

**(IV) മുയൽ ഫാം : ഇരുപത്തിയഞ്ച് മൃഗങ്ങൾ**

**(V) പൗൾട്രി ഫാം : നൂറ് പക്ഷികൾ**

A) 2023-24 സാമ്പത്തികവർഷം മുരിയാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവത്തിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകളുടെ എണ്ണം അറിയുവാൻ ആവശ്യപ്പെട്ട് വെറ്റിനറി സർജന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിൽ പ്രവർത്തിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈവ് സ്റ്റോക്ക് ഫാം തരം | ഫാമുകളുടെ എണ്ണം | ലൈസൻസ് എടുത്ത ഫാമുകളുടെ എണ്ണം |
|---|---|---|---|
| 1 | കാറ്റിൽഫാം | 11 | 2 |
| 2 | കോഴി ഫാം | 7 | 4 |
| 3 | പന്നി ഫാം | 2 | 1 |
| 4 | ആട് ഫാം | 2 | 0 |

ആട് ഫാം ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ച് വരുന്നത്.
B) സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും (ഫോറം 6) പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിയിലെ ആകെയുള്ള 17 വാർഡുകളിലെ 100 $M^2$ ന് മുകളിലുള്ള കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ ലൈവ്സ്റ്റോക്ക് ഫാമുകൾ നിർമ്മിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | 2/199/A | ജോയ് | 132.14 | ലൈവ് സ്റ്റോക്ക് ഷെഡ് |
| 2 | 2/475/B | അഖിൽ കൃഷ്ണൻ | 105 | ലൈവ് സ്റ്റോക്ക് ഷെഡ് |
| 3 | 2/508/ | മാത്യൂ | 111.48 | കോഴി വളർത്തൽ ഷെഡ് |
| 4 | 3/147/ | ജോസ് | 102 | കോഴി വളർത്തൽ ഷെഡ് |
| 5 | 3/234/ | പൗലോസ് | 105.3 | കോഴി വളർത്തൽ ഷെഡ് |
| 6 | 4/186/ | മാത്യൂ ലാൽ | 120 | കോഴി വളർത്തൽ ഷെഡ് |
| 7 | 4/186/A | മാത്യൂ ലാൽ | 120 | കോഴി വളർത്തൽ ഷെഡ് |
| 8 | 4/186/B | മാത്യൂ ലാൽ | 120 | കോഴി വളർത്തൽ ഷെഡ് |
| 9 | 5/394/ | കൃഷ്ണൻ | 100 | കോഴി വളർത്തൽ ഷെഡ് |
| 10 | 5/451/B | ജോയ് | 111 | കോഴി വളർത്തൽ ഷെഡ് |
| 11 | 7/82/ | കൊച്ചുറാണി | 125 | കോഴി വളർത്തൽ ഷെഡ് |
| 12 | 7/83/ | കൊച്ചുറാണി | 125 | കോഴി വളർത്തൽ ഷെഡ് |
| 13 | 10/82/ | മേരി ജോസ് | 105 | കോഴി വളർത്തൽ ഷെഡ് |
| 14 | 10/83/ | മേരി ജോസ് | 105 | കോഴി വളർത്തൽ ഷെഡ് |
| 15 | 16/8/A | ഷോബി | 102 | കോഴി വളർത്തൽ ഷെഡ് |
| 16 | 16/111/A | ലിൻസൺ | 113 | ലൈവ് സ്റ്റോക്ക് ഷെഡ് |
| 17 | 16/448/A | രശ്മി | 102 | ലൈവ് സ്റ്റോക്ക് ഷെഡ് |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഷെഡുകളിൽ 13 എണ്ണം കോഴി ഫാമുകൾക്കും 4 എണ്ണം ലൈവ് സ്റ്റോക്ക് ഫാമുകൾക്കുമായി പണിത കെട്ടിടങ്ങളാണ്. മുകളിൽ പറഞ്ഞിരിക്കുന്ന ഷെഡുകളിൽ നിലവിൽ ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമാക്കേണ്ടതോടൊപ്പം ആയവ ലൈസൻസില്ലാതെയാണോ പ്രവർത്തിക്കുന്നത് എന്നതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നമ്പർ 30/22.10.2024). മേൽ ഉപഖണ്ഡികകളിൽ നിന്നും പഞ്ചായത്ത്

പരിധിയിൽ ധാരാളം കാറ്റിൽ ഫാമുകൾ, കോഴി ഫാമുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയൊക്കെ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ച് വരുന്നത് എന്നും വ്യക്തമാണ്. 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ലാത്തതാണ്. മുകളിൽ പറഞ്ഞിട്ടുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പഞ്ചായത്തിൽ ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

### 1-13 ലേലം അപാകങ്ങൾ

2023-24 വാർഷിക കണക്ക് പ്രകാരം ലേലം നടത്തിയ വകയിൽ ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങളിലായി വരവ് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | Receipts From Sale Of Sand | 35,293 |
| 2 | Receipts From Auction Of Obsolete Assets | 3,400 |

1) മേൽ പറഞ്ഞ ലേലം വരവിന്റെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2) 35,293 രൂപയുടെ മണ്ണ് ലേലം സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
3) 25.10.2023 തീയതിയിലെ 1/1 തീരുമാനപ്രകാരം മേശകൾ, കാർട്ടൺ പെട്ടികൾ, തയ്യൽ മെഷീൻ കെറ്റിൽ എന്നിവ ലേലം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും നാളിതുവരെ ലേലം നടത്തിയിട്ടില്ല. ലേലം നടത്തി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
മേൽ അപാകങ്ങൾക്ക് മറുപടി ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 29/22.10.2024) മറുപടി ലഭ്യമായിട്ടില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-14 പഞ്ചായത്തിലെ മുഴുവൻ വളർത്തു നായ്ക്കൾക്കും ലൈസൻസ് അനുവദിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്റിനറി സർജൻ

പദ്ധതി നമ്പർ – 156/24-തെരുവു നായ വാക്സിനേഷൻ

വകയിരുത്തിയ തുക-50,000 (തനതു ഫണ്ട്)

ചെലവഴിച്ച തുക -45750 (തനതു ഫണ്ട്)

വൗച്ചർ നമ്പർ-42300479/16.10.2023

സംസ്ഥാനത്തെ തെരുവ് നായ നിയന്ത്രണം സമഗ്രമായി നടപ്പാക്കുന്നതിന് പുറപ്പെടുവിച്ച 29.09.2022-ലെ സ.ഉ.(സാ)നം.2376/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പ്രതിരോധ കുത്തിവയ്പ്പുകൾക്കാവശ്യമായ വാക്സിനുകളുടെ സംഭരണം, IEC (ബോധവൽക്കരണ) ക്യാമ്പുകളുടെ സംഘാടനം, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിലെ റിട്ടയേർഡ് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് തെരുവ് നായ്ക്കൾക്കുള്ള സമയബന്ധിത വാക്സിനേഷൻ, തദ്ദേശ സ്ഥാപന പരിധിയിൽ എ.ബി.സി (Animal Birth Control) കേന്ദ്രത്തിന് സ്ഥലം കണ്ടെത്തുക, അനിമൽ ഷെൽട്ടറുകൾ സ്ഥാപിക്കുക, മൃഗാശുപത്രിയിൽ വാക്സിനേഷൻ നടത്തുന്ന വളർത്തു നായകൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതോടൊപ്പം ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2023-24 വർഷത്തിൽ വാക്സിനേഷൻ നടത്തുന്നതിന് മാത്രമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

പഞ്ചായത്തിൽ നിലവിലുള്ള നായകളുടെ എണ്ണത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 09/19.10.2024-ന് 22.10.2024-ൽ ലഭ്യമാക്കിയ മറുപടി പ്രകാരം (2019-ലെ കന്നുകാലി സെൻസസ്) പഞ്ചായത്തിൽ 390 വളർത്തു നായകൾക്ക് വാക്സിനേഷൻ നടത്തിയിട്ടുണ്ട്. വളർത്തു നായകൾക്ക് ലൈസൻസ് അനുവദിച്ച റജിസ്റ്റർ പരിശോധിച്ചതിൽ 23-24 വർഷത്തിൽ ആകെ 104 നായകൾക്ക് മാത്രമാണ് ഫീസ് അടച്ച് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നത്. പഞ്ചായത്ത് പരിധിയിലെ എല്ലാ വളർത്തുനായകൾക്കും ലൈസൻസ് എടുത്തിട്ടില്ല. വളർത്തു നായകളുടെ എണ്ണവും ലഭ്യമല്ല. വാക്സിനേഷൻ നടത്തിയ 390 വളർത്തു നായകൾക്ക് ലൈസൻസ് ഫീസിനത്തിൽ (50 രൂപ നിരക്കിൽ) ലഭിക്കേണ്ട 19,500 രൂപയിൽ 5,200 രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ)

ചട്ടങ്ങൾ ചട്ടം 4 പ്രകാരം വളർത്തു നായകൾക്ക് നിർബന്ധമായും ലൈസൻസ് എടുക്കേണ്ടതാണ്. ബഹു. കേരള ഹൈക്കോടതിയുടെ 14/7/21, 19/7/21 തിയ്യതികളിലെ ഇടക്കാല ഉത്തരവ് നമ്പർ W.P(C) No.13204/2021 പ്രകാരം എല്ലാ ഇനത്തിലുമുള്ള വളർത്തു മൃഗങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുക്കേണ്ടതാണ്. വാക്സിനേഷൻ നടത്തിയ മുഴുവൻ നായകൾക്കും നിർബന്ധമായും ലൈസൻസ് നൽകുന്നതിന് മൃഗസംരക്ഷണ ഓഫീസും ഗ്രാമപഞ്ചായത്തും സംയുക്തമായി നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-15 അനധികൃത കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചത്

മുരിയാട് വില്ലേജ് 394/8,394/2 സർവ്വെ നമ്പറുകളിൽപ്പെട്ട സ്ഥലത്ത് D ഗണത്തിൽപ്പെട്ട അസംബ്ലി കെട്ടിടത്തിന് കെട്ടിടാനുമതി ലഭിക്കുന്നതിനായി സെന്റ് ജോസഫ്സ് ചർച്ച് വികാരി 03.05.2019-ൽ അപേക്ഷ നൽകിയിരുന്നു. ജില്ലാ ടൗൺ പ്ലാനറുടെ 05.11.2019-ലെ TCPTSR/2034/2019-C1-Ddis നടപടിക്രമം പ്രകാരം 8873 ച.മീ സ്ഥലത്ത് 1188.08 ച.മീ തറ വിസ്തീർണ്ണത്തിൽ Church, Priest Residence, Catechism Hall, Cemetery എന്നീ നിലവിലുള്ള കെട്ടിടങ്ങളും 1310.43 ച.മീ തറ വിസ്തീർണ്ണത്തിൽ ആകെ 2498.51 ച.മീ തറ വിസ്തീർണത്തിൽ GF+FF നിലകളിലായി ഗ്രൂപ്പ് D ഗണത്തിൽപ്പെട്ട കമ്മ്യൂണിറ്റി ഹാൾ, കെട്ടിടം നിർമ്മിക്കുന്നതിന് പ്ലോട്ടിൽ നിലവിലുള്ള അനധികൃത കെട്ടിടം പൊളിച്ചുമാറ്റണമെന്ന (കെട്ടിട നമ്പർ 253) പ്രധാന നിബന്ധനക്ക വിധേയമായി ലേ-ഔട്ട് അംഗീകരിക്കുകയും മേൽപ്പടി ഉപയോഗത്തിനുള്ള അംഗീകാരവും നൽകി ഉത്തരവായിരുന്നു. 20.09.2019-ലെ B3-BA(10531)/2020 നമ്പരായി ടി കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിരുന്നു. പെർമിറ്റ് ലഭിച്ച ലേ-ഔട്ട് പ്ലാൻ പ്രകാരം സൈറ്റ് പ്ലാനിൽ രണ്ട് കെട്ടിടം പൊളിച്ചുമാറ്റാൻ രേഖപ്പെടുത്തിയിരുന്നു. ആയത് പൊളിച്ച് മാറ്റിയിട്ടില്ല. രണ്ടാം നിലയിൽ ചെറിയ വിസ്തീർണ്ണത്തിൽ ഷീറ്റ് മേഞ്ഞിരുന്നു. ആയത് ഉൾപ്പെടെ 1507.3 ച.മീ. നിർമ്മാണം പൂർത്തീകരിച്ച് 04.10.2023 ൽ കെട്ടിട നമ്പർ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു.

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്നും വ്യതിചലിച്ചുള്ള പ്രവൃത്തിയായതിനാലും ജില്ലാ ടൗൺ പ്ലാനറുടെ പെർമിറ്റ് നൽകിയ വേളയിലെ നിബന്ധനകൾ പൂർത്തിയാക്കാത്തതിനാലും ടി കെട്ടിടത്തിന് UA നമ്പർ നൽകുകയും 05.08.2024 ലെ 4720/2024 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 2024-25 ഒന്നാം അർദ്ധ വർഷം മുതൽ UA വസ്തു നികുതി ചുമത്തുകയും ചെയ്തിട്ടുണ്ട്. ആയത് അടവാക്കിയിട്ടില്ല. കെട്ടിട വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട വിവരം | | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച.മീ) | | |
|---|---|---|---|---|
| വാർഡ് | നമ്പർ | | | 2024-25 ലെ ഡിമാന്റ് തുക |
| V, കുന്നത്തറ | 253/A | താഴത്തെ നില | 1050.78 | 186953.00 |
| | | ഒന്നാം നില | 422.88 | |
| | | രണ്ടാം നില | 33.64 | |
| | | Total | 1507.3 | |

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതിനാൽ കെട്ടിട നമ്പരിനുള്ള അപേക്ഷ നൽകിയ (04.10.2023) തീയതി മുതൽ UA നമ്പർ നൽകി മൂന്നിരട്ടി നിരക്കിലുള്ള നികുതി നിർണ്ണയിച്ച് ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 33 തീയതി 22.10.24)

**1-16 അൺ-എയ്ഡഡ് സ്കൂളുകളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 207(1)ബിഎ ഖണ്ഡം പ്രകാരം, "സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെ ഉള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക്മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും" വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ 2023-ലെ 18-ാം ആക്ട് (നിയമ നിർമ്മാണ-എ വകുപ്പിന്റെ 28.03.2023 ലെ 15(2)/ലെഗ്-എ2/2023 /നിയമം നമ്പർ ആക്ട്) ഖ.3(ബി) മുഖേന 01.04.2023 പ്രാബല്ല്യത്തിൽ ടി ഖണ്ഡിക നീക്കം ചെയ്തിട്ടുണ്ട്. ആയതിനാൽ ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും ഹോസ്റ്റൽ കെട്ടിടങ്ങളും 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി അടവാക്കേണ്ടതാണ്.

- സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ/ ഹോസ്റ്റലുകളെ വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ/ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം തറ വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | 13/352/A | Manager,Corporate Educational Agency Congregation Of Sisters Of Charity<br>Maria Bhavan | താഴത്തെ നില-299.09 ച. മീ<br>ഒന്നാം നില-299.09 ച. മീ<br>രണ്ടാം നില-23.07 ച. മീ | വസ്തു നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട് |
| 2 | 17/169/ | Mother Superior St.joseph School | താഴത്തെ നില 1699.16 ച. മീ | വസ്തു നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട് |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായ അൺ എയ്ഡഡ് സ്കൂളുകൾ/ഹോസ്റ്റലുകൾ തുടങ്ങിയ വിദ്യാഭ്യാസ/അനുബന്ധ സ്ഥാപനങ്ങളുടെ ഡാറ്റാ കളക്ഷൻ നടത്തേണ്ടതും കൂട്ടിചേർക്കലുകൾ, അനധികൃത നിർമ്മാണങ്ങൾ എന്നിവ സംബന്ധിച്ച ഫീൽഡ് പരിശോധന നടത്തി 2023-24 പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്കരണത്തോടു കൂടി കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി-4/19.10.24).

**1-17 ധാതു ഗതാഗത പെർമിറ്റ് രജിസ്റ്റർ**

സാധുവായ ബിൽഡിംഗ് പെർമിറ്റ് ഉള്ളപക്ഷം, 3000 ചതുരശ്ര അടി (278.7 $M^2$) വരെ പ്ലിന്ത് ഏരിയയുള്ള കെട്ടിടത്തിന്റെ നിർമ്മാണവേളയിൽ ഫൗണ്ടേഷനു വേണ്ടി കുഴിച്ചെടുത്ത മണ്ണ്, ഉടമസ്ഥന്റെ പ്രോപ്പർട്ടിയിൽനിന്ന് പുറത്തേക്ക് കൊണ്ടുപോകുന്നതിനു വേണ്ടി മൂവ്മെന്റ് പെർമിറ്റ്, മിനറൽ ട്രാൻസിറ്റ് പാസ്സ് എന്നിവ തദ്ദേശ സ്ഥാപന സെക്രട്ടറി നൽകണമെന്ന് 2023 ലെ കേരള മൈനർ മിനറൽ കൺസെഷൻ (അമെൻഡ്മെന്റ്) റൂൾസ് 14(4) പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി KMMC (അമന്റ്മെന്റ്) റൂൾസിലെ ഷെഡ്യൂൾ ഒന്ന് പ്രകാരം ഉള്ള റോയലിറ്റി അപേക്ഷകൻ സർക്കാരിൽ അടവാക്കണം. ഷെഡ്യൂൾ ഒന്ന് പ്രകാരം സാധാരണ മണ്ണിനു ഒരു ടണ്ണിന് നാല്പതു രൂപയാണ് അടവാക്കേണ്ടത്. ഇതിനുവേണ്ടിയുള്ള റോയൽറ്റിത്തുക, അപേക്ഷകൻ ട്രഷറിയിൽ അടയ്ക്കേണ്ടതുമാണ്.

പെർമിറ്റ് തീയതിക്കുശേഷം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ ബേസ് മെന്റ് നിർമ്മിക്കാത്ത പക്ഷം,

റോയൽറ്റിയായി അടച്ച തുകയുടെ അഞ്ചിരട്ടിത്തുക പിഴയായി അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണ്. ഇതു കൂടാതെ, പെർമിറ്റഡ് ഏരിയയിൽ അധികമായോ, പെർമിറ്റിൽ പറഞ്ഞിട്ടുള്ള അളവിൽ അധികമായോ മണ്ണ് നീക്കം ചെയ്താലും മേൽപ്പറഞ്ഞ പിഴ അടയ്ക്കേണ്ടതാണ്.

കെട്ടിട നിർമ്മാണ പെർമിറ്റിനായി പ്ലാൻ സമർപ്പിക്കുമ്പോൾ തന്നെ പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതും മണ്ണ് നീക്കം ചെയ്യേണ്ട സാഹചര്യമുണ്ടെങ്കിൽ തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി മൂവ്മെന്റ് പെർമിറ്റ്, മിനറൽ ട്രാൻസിറ്റ് പാസ്സ് എന്നിവ നല്കണം. 2023-24 വർഷം പഞ്ചായത്തിൽ നിന്ന് മൂവ്മെന്റ് പെർമിറ്റ്, മിനറൽ ട്രാൻസിറ്റ് പാസ്സ് എന്നിവ നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/19.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ ധാതു ഗതാഗത പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-18 കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ഉപകരണങ്ങളുടെ മെയിന്റനൻസിനുള്ള തുക നൽകൽ- ചെലവഴിക്കാൻ ശേഷിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 05/24 |
| പ്രൊജക്ടിന്റെ പേര് | കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ഉപകരണങ്ങളുടെ മെയിന്റനൻസിനുള്ള തുക നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ഫണ്ടിനം | വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | 2,00,000 |
| വൗച്ചർ നമ്പർ/ തീയതി, തുക | 42301375/30.12.2023 1,00,000<br>42301382/03.01.2024 1,00,000 |

മേൽ പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ നാല് കുട്ടികൾക്ക് ഉപകരണങ്ങളുടെ മെയിന്റനൻസിനുള്ള തുക തിരുവനന്തപുരത്തെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജോയിന്റ് ഡയറക്ടറിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം പ്രകാരം(കത്ത് നമ്പർ എസ്.എച്ച്.എ/1406 /2024-എം.ജി.ആർ(ഫിൻ)/തീയതി 10.10.2024) 74,294 ആണ് മേൽ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. ശേഷിക്കുന്ന തുക തിരികെ ഈടാക്കുകയോ തുടർന്ന് നൽകുന്ന വിഹിതത്തിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 11/തീയതി 20.10.2024).

## 1-19 ലൈഫ് ഭവന പദ്ധതി(എസ്.സി.പി)-ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മുരിയാട് സർക്കിൾ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ള ലൈഫ് ഭവന പദ്ധതി (എസ്.സി.പി)യിൽ ഉൾപ്പെട്ട ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് കരാർവെച്ച് നാളിതുവരെ ആയിട്ടും ധനസഹായത്തിന്റെ ഒന്ന് /രണ്ട് ഗഡുക്കൾ മാത്രമാണ് നൽകിയിട്ടുള്ളത്.

വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കരാർവച്ച തീയതി | നൽകിയ ധനസഹായത്തിന്റെ വിവരങ്ങൾ | | ഫണ്ടിനം |
|---|---|---|---|---|---|---|
| | | | | തുക | വൗച്ചർ നമ്പർ/ തീയതി | |
| 1 | 99/2023 | ചന്ദ്രിക, നാരാട്ടിൽ വീട്, മുരിയാട് | 02.03.2023 | 40000 | 42201191/ 15.03.2023 | വികസന ഫണ്ട് (എസ്.സി.പി) |
| 2 | 144/24 | സുമ ജനാർദ്ദനൻ, പാറയിൽ വീട്, | 31.05.2023 | 40000 | 42301261/ 17.06.2023 | ജില്ലാപഞ്ചായത്ത് വിഹിതം |

| | | | | | | |
|---|---|---|---|---|---|---|
| | | ഊരകം | | | | |
| 3 | 144/24 | പൊന്നിക്കുട്ടി വേലായുധൻ, തോട്ടാപ്പിള്ളി വീട്, മുരിയാട് | 19.04.2023 | 40000 | 42301244/ 09.05.2023 | വികസന ഫണ്ട് (എസ്.സി.പി) |
| | | | | 100000 | 42400390/ 05.09.2024 | വായ്പ |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും തുടർന്നുള്ള ധനസഹായം നൽകാത്തതിന്റെ കാരണവും ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നമ്പർ13/തീയതി 20.10.2024). ക്രമ നമ്പർ 1 പ്രകാരമുള്ള ഗുണഭോക്താവിന്റെ അതിർത്തി തർക്കവുമായി ബന്ധപ്പെട്ടുള്ള പ്രശ്നം കാരണം ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല എന്നും കുറച്ച് കൂടി സമയം ഗുണഭോക്താവ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 2 പ്രകാരമുള്ള ഗുണഭോക്താവിന്റെ ഭവനനിർമ്മാണത്തിന് വാർഡ് മെമ്പറിന്റെ സഹായത്തോടെ ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചു. ക്രമ നമ്പർ 3 ലെ ഗുണഭോക്താവിന്റെ കാര്യത്തിൽ ഭവനനിർമ്മാണ പ്രവൃത്തിയിൽ പുരോഗതിയുണ്ടെന്നും നിലവിൽ ചുമർപണി നടന്നു കൊണ്ടിരിക്കുന്നതായും അറിയിച്ചു. മേൽ പറയുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ഭരണസമിതിയുടെ ഭാഗത്ത് നിന്ന് നടപടികൾ ഉണ്ടാകണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ഡയാലിസിസ് രോഗികൾക്ക് ധനസഹായം- രേഖകൾ ഹാജരാക്കും വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, നടപ്പാക്കിയ പ്രോജക്ടുകളുടെ താഴെ ചേർത്തിട്ടുള്ള വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ/പേര് | അടങ്കൽ/ചെലവ് | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|---|---|
| 1 | 61/24, ഡയാലിസിസ് രോഗികൾക്ക് ധനസഹായം | 605000/145650 | 42301270/21.07.23 | 21250 |
| | | | 42301282/09.09.23 | 89400 |
| | | ആകെ | | 110650 |

രേഖകൾ ഹാജരാക്കുംവരെ ചെലവ് തുക 1,10,650 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി-12/19.10.24)

## 1-21 മരുന്നുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 64/24 |
| പ്രൊജക്ടിന്റെ പേര് | ഗൃഹ കേന്ദ്രീകൃത പാലിയേറ്റീവ് പരിചരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |

എ) മേൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി ആനന്ദപുരം ഹെൽത്ത് സെന്ററിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 42301228 തീയതി-03.02.2024 വൗച്ചർ പ്രകാരം (പ്രൊഫോർമ ഇൻവോയിസ് PRF-347/02.09.23) 47286 രൂപ കൈമാറിയിട്ടുണ്ട്. ലഭ്യമായിട്ടുള്ള മരുന്നുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ/ തീയതി | തുക |
|---|---|---|
| 1 | 27096/ 14.02.24 | 21638 |
| 2 | 27227/ 17.02.24 | 2135 |

| | | |
|---|---|---|
| 3 | 612/04.04.24 | 7662 |
| 4 | 13426/14.06.24 | 833 |
| 5 | 13145/14.06.24 | 11418 |
| 6 | 34083/03.08.24 | 220 |
| | ആകെ | 43906 |

ബാക്കി തുകയായ 3380 രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) 09.10.23 ലെ 42301286 നമ്പർ വൗച്ചർ പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 48922 രൂപ നൽകിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയിസ് PRF 1464/26.09.23) മരുന്ന് ലഭ്യമായതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നം.2, തീയതി.18.10.2024 )

## 1-22 ദുരന്ത നിവാരണ പദ്ധതി രൂപീകരണം

പ്രാദേശികവും സാമൂഹികാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനു 4.12.2019 ലെസ.ഉ.(കൈ) നം:156/2019/ത.സ്വ.ഭ.വ., ഉത്തരവിലെ നിർദ്ദേശ പ്രകാരം ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

പ്രസ്തുത പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, ലഘൂകരണ പ്രവൃത്തികൾ, പഞ്ചായത്തിന്റെ ദുരന്ത നിവാരണ ക്ഷമതയുടെ വിഭവങ്ങൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. ദുരന്ത നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട്പരിശീലനം സിദ്ധിച്ചവരെ ഉൾപ്പെടുത്തി അടിയന്തിര പ്രതികരണ ടീമിനെ ദേശീയ ദുരന്ത നിവാരണ ആക്ട് പ്രകാരം രൂപീകരിച്ച നാല് ERT (അടിയന്തിര പ്രതികരണ ടീം) കളെ രൂപീകരിക്കേണ്ടതും, ആയത് വാർഷിക പദ്ധതിയുമായി ഏകോപിപ്പിക്കേണ്ടതുമാണ്. സർക്കാർ ഉത്തരവ് (കൈ) നം.84/22 ത.സ്വ.ഭ.വ., തി.19.04.22 മാർഗ്ഗരേഖ ഖണ്ഡിക 7.2.1 പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ദുരന്ത നിവാരണ പദ്ധതി രൂപീകരിക്കേണ്ടതും, അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പഞ്ചായത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ ക്യാമ്പായി പ്രവർത്തിക്കാവുന്ന സ്ഥാപനങ്ങളെ കണ്ടെത്തി അവയുടെ പരിപാലനവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പു വരുത്തേണ്ടതാണ്. റവന്യൂ വകുപ്പ്, സംസ്ഥാന ദുരന്ത നിവാരണ സേന എന്നിവയുടെ നേതൃത്വത്തിൽ സങ്കേതങ്ങൾ പുനരധിവാസ കേന്ദ്രങ്ങൾ പഞ്ചായത്തിന് കണ്ടെത്തിയിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള കേന്ദ്രത്തിൽ ആവശ്യം വേണ്ട വൈദ്യുതി, കുടിവെള്ളം, ശൗചാലയങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി-06/19.10.24)

## 1-23 വെതർ സ്റ്റേഷൻ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്

സ.ഉ.(കൈ)നം.115/22/ത.സ്വ.ഭ.വ., തിയതി-28.05.22 ഖണ്ഡിക (7.8.8) പ്രകാരം കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്നതിനുമായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർ സ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് നിർദേശിക്കുന്നു. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യേറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതും അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി-07/19.10.24)

## 1-24 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകളിൽ തുക കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഇല്ലാത്തതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | ഫണ്ട് | വൗച്ചർ നമ്പർ/തുക | തുക നൽകിയത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തിൽ സിസിടിവി ക്യാമറ സ്ഥാപിക്കൽ, 305/24 | സെക്രട്ടറി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 42301038/ 17.03.24 200000 | എക്സിക്യൂട്ടീവ് എൻജിനീയർ, PWDഇലക്ട്രിക്കൽ ഡിവിഷൻ,തൃശ്ശൂർ |
| 2 | എസ്.എസ്.കെ.വിഹിതം നൽകൽ, 39/24 | സെക്രട്ടറി | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 42300925/ 26.02.24 555603 | ജില്ലാ പ്രോജക്ട് കോ-ഓഡിനേറ്റർ, എസ്.എസ്.കെ,തൃശ്ശൂർ |
| 3 | വേലത്തികുളം കുടിവെള്ള പദ്ധതി, 55/24 | സെക്രട്ടറി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 42301108/ 30.03.24 200000 | അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട |
| 4 | ഐ.കെ.എം.വിഹിതം നൽകൽ, 40/24 | സെക്രട്ടറി | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 42300687/ 16.12.23 106120 | എക്സി ഡയറക്ടർ, ഐ കെ എം , തിരുവനന്തപുരം |
| 5 | ഐ.കെ.എം മെമ്പർഷിപ്പ് ഫീ, 324/24 | സെക്രട്ടറി | വികസന ഫണ്ട്-ജനറൽ | 42301176/ 25.03.24 39987 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ എം, തിരുവനന്തപുരം |
| 6 | ഐ.കെ.എം മെമ്പർഷിപ്പ് ഫീ, 327/24 | സെക്രട്ടറി | വികസന ഫണ്ട്-ജനറൽ | 42301195/ 24.03.24 189413 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ എം, തിരുവനന്തപുരം |
| 7 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ, 42/24 | സെക്രട്ടറി | വികസന ഫണ്ട്-ജനറൽ | 42301223/ 08.02.24 85604 | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കൊടകര |
| 8 | | | വികസന ഫണ്ട്-ജനറൽ | 42301220 /08.02.24 483571 | അസിസ്റ്റന്റ് എഞ്ചിനീയർ,ഇലക്ട്രിക്കൽ സെക്ഷൻ,പറപ്പൂക്കര |
| 9 | ഗ്രാമപഞ്ചായത്താഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ, 159/24 | സെക്രട്ടറി | വികസന ഫണ്ട്-ജനറൽ | 42301470/ 31.03.2023 647900 | ഡിസ്ട്രിക്ട് എഞ്ചിനീയർ, അനർട്ട്, തൃശ്ശൂർ |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

**1-25 ടൂറിസം ഡി.പി.ആർ തയ്യാറാക്കിയതിന് തുക അനുവദിക്കൽ-ജി.എസ്.ടി.ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല**

പ്രോജക്ട് നം.166/24

വകയിരുത്തിയ തുക-170000 (തനത് ഫണ്ട്)

ചെലവ് –151689/വൗച്ചർ നമ്പർ/തിയതി -42300492/17.10.23

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പൊതുമ്പുചിറ കുളം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ടൂറിസം വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി DPR തയ്യാറാക്കുന്നതിന് വേണ്ടി മറ്റത്തൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 151689 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ആയത് പൂർത്തീകരിച്ചതിന്റെ DPR തയ്യാറാക്കിയത് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ ജി.എസ്.ടി. ഇൻവോയ്സ്, വിനിയോഗവിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (18/21.10.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി. ഇൻവോയ്സ്, വിനിയോഗവിവരം എന്നിവ

ലഭ്യമാക്കേണ്ടതാണ്.

**1-26 മുരിയാട് ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും**

ഗ്രാമപഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ഹോംകോ ആലപ്പുഴയ്ക്ക് മുൻകൂർ തുക കൈമാറിയെങ്കിലും മുഴുവൻ മരുന്നുകളും നാളിതു വരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | ഹോമിയോ മരുന്ന് വാങ്ങൽ (157/24) |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | മെഡിക്കൽ ഓഫീസർ ഹോമിയോ |
| ഫണ്ടിനം | മെയിന്റൻസ് ഫണ്ട് (നോൺ റോഡ്) |
| ചെലവഴിച്ച തുക | 400000 |
| ഓർഡർ നം. | 08029/23-24/1 Dt.07.08.23 (പ്രൊഫോർമ ഇൻവോയ്സ് നമ്പർ ലഭ്യമായിട്ടില്ല) |
| വൗച്ചർ നം.തി. | 42301279/24.08.23 |
| ലഭിച്ച മരുന്നുകളുടെ മൂല്യവും ടാക്സ് ഇൻവോയ്സ് നമ്പരും | 81121/-(LF-1420/16.09.23) |
| | 55707/-(LF-1205/08.10.24) |
| | 43611/-(LF-3438/23-24/31.03.24) |
| ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ മൂല്യം | 219561 |

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ഇൻവോയ്സ്, സ്റ്റോക്കിലെടുത്ത രേഖകൾ എന്നിവ സഹിതം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി.17/21.10.24)

**1-27 അഡ്വാൻസ് നൽകി മരുന്ന് നാളിതു വരെ ലഭിച്ചിട്ടില്ല**

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ ആയുർവ്വേദം
ആയുർവ്വേദ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് അസിസ്റ്റന്റ് മാനേജർ, ഫാർമസ്യൂട്ടിക്കൽ കോർപറേഷൻ കേരള ലിമിറ്റഡ്, കുട്ടനെല്ലൂരിന് മുൻകൂർ തുക കൈമാറിയെങ്കിലും മുഴുവൻ മരുന്നുകളും നാളിതു വരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേരും/നമ്പരും | ഫണ്ടിനം | ചെലവഴിച്ച തുക/വൗച്ചർ നമ്പർ/തീയതി | പ്രൊഫോർമ ഇൻവോയ്സ് നമ്പർ/തി | ലഭിച്ച മരുന്നുകളുടെ മൂല്യവും ടാക്സ് ഇൻവോയ്സ് നമ്പരും | ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ മൂല്യം |
|---|---|---|---|---|---|
| 84/24, ആയുർവ്വേദ മരുന്ന് വാങ്ങൽ | വികസന ഫണ്ട് ജനറൽ | 193030 42301289/11.10.23 | 184719/22.06.23 | 147874 | 45156 |
| 146/24, ആയുർവ്വേദ ഡിസ്പെൻസറിക്ക് പ്രതിരോധ മരുന്ന് വാങ്ങൽ | മെയിന്റനൻസ് നോൺ റോഡ് | 200000 42301216/15.02.24 | 195019/26.10.23 | 198148 | 1852 |
| | വികസന ഫണ്ട് ജനറൽ | 50000 42301298/04.11.23 | 191559/17.09.23 | 0 | 50000 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | | 97008 |

മുഴുവൻ മരുന്നുകളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും,സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 19/22.10.24 )

**1-28 തുടർ സാക്ഷരത പ്രവർത്തനം-വിദ്യാർത്ഥികൾ പരീക്ഷയെഴുതിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല**

നിർവ്വഹണോദ്യോഗസ്ഥൻ – ഹെഡ്മിസ്ട്രസ്
പ്രോജക്റ്റ് നമ്പർ – 29/24

വകയിരുത്തിയ തുക -100000
ചെലവ്-6000
വൗച്ചർ നമ്പർ - 22301221/18.03.24
നിർവ്വഹണോദ്യോഗസ്ഥൻ-ഹെഡ്മിസ്ട്രസ്

തുല്യത പരീക്ഷഫീസിനത്തിൽ താഴെ പറയുന്ന പത്താംതരം തുല്യത പഠിതാക്കൾക്ക് വേണ്ടി 1500 രൂപ വീതം 4 പേർക്ക് 6000 രൂപ കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | മായ ബി. |
| 2 | രജീഷ് വി.ആർ. |
| 3 | റീന പി.ബി. |
| 4 | റിജി സി.ആർ. |

വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി-20/22.10.24 )

**1-29 ഫുട്ബോൾ കോച്ചിങ്ങ് ക്യാമ്പ്-നടത്തിപ്പിലെ അപാകതകൾ**

പ്രോജക്റ്റ് നമ്പർ – 206/24

നിർവ്വഹണോദ്യോഗസ്ഥൻ – ഹെഡ്മിസ്ട്രസ്

വകയിരുത്തിയ തുക – 50000

ചെലവ് – 29405 (തനത് ഫണ്ട്)
വൗച്ചർ നമ്പർ/തീയതി - 42300278/21.07.2023

മേൽ പ്രോജക്റ്റ് പ്രകാരം പഞ്ചായത്ത് ടീം ഫോർമേഷൻ കോച്ചിങ്ങ് ക്യാമ്പ് നടത്തുന്നതിന് വേണ്ടി കോച്ചിന്റെ ഹോണറേറിയം ഇനത്തിൽ 20000 രൂപ ശ്രീ.അമൽ കെ. എന്ന കോച്ചിനും, ലഘുഭക്ഷണം വിതരണം ചെയ്തതിന് 9405 രൂപയും ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രശീത്, ഇൻവോയ്സ് എന്നിവ ഹാജരാക്കിയിട്ടുണ്ടെങ്കിലും, ക്യാമ്പിൽ പങ്കെടുത്തവരുടെ അറ്റന്റൻസ്, ടീം രൂപീകരിച്ചതിന്റെ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. ഏറ്റവും നല്ല കളിക്കാരെ തെരഞ്ഞെടുക്കുന്നതിന് വേണ്ടി ആവശ്യമെങ്കിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെ ഉൾപ്പെടുത്തി സെലക്ഷൻ കമ്മിറ്റികൾ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ രൂപീകരിക്കാവുന്നതാണ്. തെരഞ്ഞെടുക്കുന്ന ടീമിന് ഒരു മാസത്തെ പരിശീലനം നൽകേണ്ടതാണ്. പരിശീലനം നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 21/22.10.24)

**1-30 വൈകി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല**

2012 ലെ പൊതുമരാമത്ത് വകുപ്പ് മാന്വൽ, ജി.ഒ(പി) 13/2012 PWD തീയതി.1.2.2012 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കാൻ കഴിയില്ലെന്ന് ബോധ്യമുള്ള പക്ഷം പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ തിയതി ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ Appendix 2100F മാതൃകയിലുള്ള ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി ചെയ്യുന്ന സമയത്ത്

അപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടില്ല. ഒരു തവണ നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 25% അല്ലെങ്കിൽ ആറുമാസം ഇവയിൽ ഏതാണോ കുറവ് ആ കാലാവധി 1% പിഴ ഈടാക്കി കൊണ്ട് അനുവദിച്ച് നൽകാവുന്നതാണ്. തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കുന്നതിന് 2% തുക പിഴയായി ഈടാക്കുന്നതാണ്. നിലവിലുള്ള കാലാവധിയുടെ 50% അധികം സമയം ഒരു കാരണവശാലും ദീർഘിപ്പിച്ച് നൽകാവുന്നതല്ല. (കേരള പൊതുമരാമത്ത് മാന്വൽ 2012, ഖണ്ഡിക 2112.1) എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല എഗ്രിമെന്റിലെ വ്യവസ്ഥ (7) പ്രകാരം പുതുക്കിയ പി.ഡബ്ള്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിശദവിവരം | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി |
|---|---|---|---|
| 1 | നമ്പുകുളം പുനർ നിർമ്മാണം<br>വകയിരുത്തിയ തുക-200000<br>ചെലവ്-199674<br>വൗച്ചർ നമ്പർ/തീയതി-42300590/21.11.23<br>കരാർ നമ്പർ/തീയതി-24/AE/LSGD /MYD/21-22/06.01.22<br>കരാർ കാലാവധി - 5മാസം<br>എം.ബുക്ക് നം.149/22-23<br>കരാറുകാരൻ-<br>പി.ആർ.രാജേഷ് | 05.06.22 | 26.07.23 |
| 2 | അട്ടക്കുളം വെള്ളിലംകുന്ന് റോഡ് റീടാറിങ്ങ്, കൾവർട്ട് മെയിന്റനൻസ്<br>കരാർ നമ്പർ/തീയതി-7/AE/LSGD /MYD/22-23/26.05.22<br>കരാർ കാലാവധി - 6 മാസം<br>എം.ബുക്ക് നം.68508/-<br>ചെലവ്-299937-<br>വൗച്ചർ നമ്പർ/തീയതി-42301331/05.12.23 | 25.11.22 | 23.11.23 |
| 3 | എടക്കാട്ട് പാടം തോട് നവീകരണം ഫേസ്-2<br>കരാർ നമ്പർ/തീയതി-01/AE/LSGD /MYD/22-23/11.04.22<br>കരാർ കാലാവധി - 6 മാസം<br>എം.ബുക്ക് നം.95957<br>കരാറുകാരൻ-കെ.ആർ.രാജേന്ദ്രൻ<br>ചെലവ്- 449226<br>വൗച്ചർ നമ്പർ/തീയതി-2256669/ 30.05.23 | 10.10.22 | 30.03,23 |

മേൽ പ്രകാരമുള്ള പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (22/22.10.24) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ കരാറുകാരന്റെ വീഴ്ച മൂലമാണോ പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതെന്ന്

വ്യക്തമല്ല.ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന്റെ കാരണം വ്യക്തമാകുന്ന രേഖകൾ ലഭ്യമല്ല. വൈകി പൂർത്തീകരിക്കുന്ന പ്രവൃത്തികൾക്ക് നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെഅറിയിക്കേണ്ടതാണ്.

**1-31 മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല**

തൻവർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നും കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിശദവിവരം | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് |
|---|---|---|
| 1 | കുഞ്ഞുമാണിക്യൻ മൂല റോഡ് കാന നിർമ്മാണം<br>വകയിരുത്തിയ തുക-275000<br>കരാർ നമ്പർ/തീയതി-32/AE/LSGD/MYD/23-24 /03.02.24<br>കരാർ കാലാവധി - 9മാസം<br>കരാറുകാരൻ-മുരളി.പി.എൻ<br>എം.ബുക്ക് നം.117160/23<br>ചെലവ്-269309 | 38.570m2 |
| 2 | വില്ലേജ് ഓഫീസ് റോഡ് റീടാറിങ്ങ്<br>&ഡ്രെയിൻ നിർമ്മാണം<br>വകയിരുത്തിയ തുക-1235000<br>കരാർ നമ്പർ/തീയതി-60/AE/LSGD/MYD/23-24 /19.02.24<br>എം.ബുക്ക് നമ്പർ-44514/23<br>കരാറുകാരൻ-ബിജേഷ് | 107.585m3 |

മുരിയാട് ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പൈപ്പ് ലൈൻ സ്ഥാപിച്ച റോഡുകളിലെ റീസ്റ്റോറേഷനു ശേഷം ബാക്കി വന്ന മണ്ണ് ലേലം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചതായി 30.03.24 ലെ 6-ാം നമ്പർ പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. ലേല രജിസ്റ്റർ പ്രകാരം മണ്ണ് ലേലം ചെയ്തതിന്റെ വിവരം ലഭ്യമല്ല. മേൽ പ്രകാരമുള്ള മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി-23/22.10.24)

**1-32 കാലാവധി കഴിഞ്ഞ പ്രവൃത്തികൾ നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ –അസിസ്റ്റന്റ് എഞ്ചിനീയർ

കരാർ പ്രകാരമുള്ള സമയപരിധി കഴിഞ്ഞ പ്രവൃത്തികൾ നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. 2012-ലെ പൊതുമരാമത്ത് വകപ്പ് മാന്വൽ, ജി.ഒ(പി) 13/2012 PWD തീയതി.1.2.2012 എന്നിവ പ്രകാരവും, മേൽ പ്രവൃത്തിയുടെ കരാർ ഉടമ്പടി 7 പ്രകാരവും നിശ്ചിത തിയ്യതിക്കകം തന്നെ പ്രവൃത്തി പൂർത്തിയാക്കിയിരിക്കേണ്ടതാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയില്ലെന്ന് ബോധ്യമുള്ള പക്ഷം പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ സമയം ദീർഘിപ്പിച്ചു നൽകുന്നതിന് കരാറുകാരൻ നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ അപേക്ഷ നൽകിയതായി കാണുന്നില്ല. ഒരു തവണ നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് ആ കാലാവധി എഗ്രിമെന്റ് പി.എ.സി യുടെ 1% പിഴ ഈടാക്കികൊണ്ട് അനുവദിച്ച് നൽകാവുന്നതാണ്. പിന്നീട് വരുന്ന ഓരോ മൂന്ന് മാസത്തിനും 2% പിഴ ഈടാക്കേണ്ടതാണ്. പരമാവധി നീട്ടി നൽകാവുന്ന കാലാവധി കരാർ കാലാവധിയുടെ 50% ൽ അധികരിക്കാൻ പാടുള്ളതല്ല. വൈകി പൂർത്തീകരിക്കുന്നതിന് പിഴ ഈടാക്കുന്നത് സംബന്ധിച്ച് എഗ്രിമെന്റിലെ വ്യവസ്ഥ 7 ൽ പുതുക്കിയ

പി.ഡബ്ലിയു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

**എ)ആയുർവ്വേദ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മാണം-**

പ്രോജക്ട് നമ്പർ – 209/24

വകയിരുത്തിയ തുക-11,40,000 (വികസനഫണ്ട്-ജനറൽ )

960000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ആകെ-2100000

ചെലവ് (ഫസ്റ്റ് &പാർട്ട് ബിൽ – 960000

വൗച്ചർ നമ്പർ – 42301106/30.03.24

Ts-107247/22

കരാർ കാലാവധി-3മാസം

കോൺട്രാക്റ്റർ-നൈജോ ചെറിയാൻ

എഗ്രിമെന്റ് -47/AE/LID&EW/MYD/22-23 Dt.15.02.23

കരാർതുക-1848669

മേൽ പ്രവൃത്തിയുടെ കരാർ കാലാവധി 3 മാസമായിരുന്നു. 14.05.2023-ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം 42 ഇനം പ്രവൃത്തികളും, എക്സ്ട്രാ ഇനമായി 2 ഇനം പ്രവൃത്തികളും ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ആകെ 17 ഇനം പ്രവൃത്തികൾ മാത്രമാണ് നാളിതു വരെ ചെയ്തിട്ടുള്ളത്.

**ബി)തറയിലക്കാട് വാട്ടർടാങ്ക് മെയിന്റനൻസ്**

പ്രോജക്റ്റ് നമ്പർ-195/24

കരാറുകാരൻ-എം.ഒ. ഡേവിസ്

എഗ്രിമെന്റ് തിയ്യതി-01/23-24 Dt.18.05.23

കരാർ കാലാവധി-6മാസം

വകയിരുത്തിയ തുക-600500 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

സാങ്കേതികാനുമതി -28048/22

സൈറ്റ് കൈമാറിയ തിയ്യതി-

ചെലവ്-253243

വൗച്ചർ നമ്പർ – 42301134/31.03.24

തൻവർഷം ആരംഭിച്ച മേൽ പദ്ധതിയുടെ കരാർ കാലാവധി 17.11.23 വരെയായിരുന്നു. മേൽ പദ്ധതി പ്രകാരം കടിവെള്ള ടാങ്ക് മെയിന്റനൻസ്, 15 പുതിയ വീടുകളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്നിവ ലക്ഷ്യമിടുന്നു. എന്നാൽ പൈപ്പിടൽ പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.

